**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3067** **13-07-2022 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പടിഞ്ഞാറ്റും മുറി പനമ്പറ്റ പാലം അപ്രോച്ച് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പടിഞ്ഞാറ്റും മുറി പനമ്പറ്റ പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | പനമ്പറ്റ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഡയറക്ട് പർച്ചേസായി ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 400 ലക്ഷം രൂപയുടെ ഭരണാനുമതി 5054-04-101-86 PV എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നു. ഭരണാനുമതിയിൽ സ്ഥലമെടുപ്പിനു തുക വകയിരുത്താത്തതിനാൽ പുതുക്കിയ ഭരണാനുമതി ലഭ്യമാകേണ്ടതായിട്ടുണ്ട്. തുടർന്ന് G.O.(Rt)No.2536/2020/Fin തിയതി 30/03/2020 പ്രകാരം ഈ പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 67,56,000/- രൂപ Additional Authorisation അനുവദിച്ചിട്ടുണ്ട്. |
| (ബി) | ബന്ധപ്പെട്ട ശീർഷകത്തിൽ മുൻ വർഷം തുക വകയിരുത്താത്തത് മൂലമുണ്ടായ പ്രശ്നം പരിഹരിയ്ക്കുന്നതിന് ഈ വർഷം നടപടി സ്വീകരിച്ചിട്ടുണ്ടോ; മുൻ വർഷം ഇ.എം.എൽ.ഐ. സോഫ്റ്റ്‌വെയറിൽ ബന്ധപ്പെട്ട ശീർഷകം ഉൾപ്പെടുത്താത്തത് മൂലമുണ്ടായ സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി ഈ വർഷം സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം കാര്യങ്ങളിൽ ആവശ്യമായ ശ്രദ്ധപുലർത്താത്തത് ഏത് തലത്തിലുള്ള വീഴ്ചയാണെന്ന് അറിയിക്കുമോ; | (ബി) | നടപ്പ് സാമ്പത്തിക വർഷം 5054-04-101-86 PV എന്ന ശീർഷകം എമിലി സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നഷ്ടപരിഹാരം എന്നത്തേക്ക് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) | നഷ്ടപരിഹാരം നൽകുന്നതിനായി പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ